# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 04, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

10(*91) റീസർവ്വേയിൽ കണ്ടെത്തുന്ന അധിക ഭൂമി

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, റീസർവ്വേയ്ക്കു ശേഷം വിസ്തീർണ്ണ വർദ്ധനവ് വരുന്ന കേസുകളിൽ, റീസർവ്വേയ്ക്ക് മുമ്പ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിയ്ക്കു കരം ഒടുക്കുന്നതിന് സമ്മതമാണെന്ന് ഡിക്ലറേഷൻ നൽകുന്ന സാഹചര്യത്തിലും കരം തീർത്ത് നൽകുന്നതിന് അനുമതി

നൽകിയിട്ടുണ്ടെന്നും സ്വകാര്യവ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശരേഖയിലുള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അധിക ഭൂമിക്ക് ഉടമസ്ഥത നൽകുന്നതിന് നിയമനിർമ്മാണമുൾപ്പെടെയുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. റവന്യൂ സർവ്വേ നിയമ സമന്വയമില്ലാത്തതിനാലും റെക്കാർഡുകളിലെ അവ്യക്തതയും കാരണം സർവ്വേ ജോലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സെറ്റിൽമെന്റ് സംവിധാനത്തിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നതോടെ അവകാശികളില്ലാത്ത മുഴുവൻ ഭൂമിയും " കേരള അന്യംനിന്ന വസ്തുക്കൾ കണ്ടുകെട്ടൽ നിയമ"പ്രകാരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതോടൊപ്പം അർഹരായ ഭൂരഹിതർക്ക് പതിച്ചുകൊടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. Continuously Operating Reference Station(CORS), Robotic Total Station(RTS), Drone Survey തുടങ്ങിയ ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ നാലുവർഷത്തിനുള്ളിൽ ഡിജിറ്റൽ റീസർവ്വേയും ടോപ്പോഗ്രാഫിക്കൽ സർവ്വേയും പൂർത്തിയാക്കുമെന്നും അതിനായി RTK rover machine-കളും RTS മെഷീനുകളും Rugged Tablet-കളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സർവ്വേ നടപടികൾ

പൂർത്തീകരിക്കുന്നതിനായി 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. രജിസ്ട്രേഷൻ-റവന്യൂ-സർവ്വേ വകുപ്പുകളുടെ 'പേൾ' , 'റെലിസ്' , 'ഇ-മാപ്പ്' എന്നീ സോഫ്റ്റ്‌വെയറുകൾ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് 'എന്റെ ഭൂമി' എന്ന പേരിൽ ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുന്നതാണ്. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളെ ഇ-ജില്ലകളാക്കി മാറ്റിയിട്ടുണ്ടെന്നും ഒരു വർഷത്തിനുള്ളിൽ മുഴുവൻ ജില്ലകളെയും ഇ-ജില്ലകളാക്കി മാറ്റാൻ ലക്ഷ്യമിടുന്നതായും ഇതിനായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും കേരളത്തിലെ 565 വില്ലേജുകളെ സ്മാർട്ട് വില്ലേജുകളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായും മന്ത്രി അറിയിച്ചു. ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകളിന്മേൽ അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ തയ്യാറാക്കുകയും നൂറിലധികം

അപേക്ഷകൾ ലഭിച്ച വില്ലേജുകൾക്കായി 341 വാഹനങ്ങൾ അനുവദിക്കുകയും 999 ജീവനക്കാരെ ആറുമാസക്കാലത്തേയ്ക്ക് അധികമായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രത്യേക സെൽരൂപീകരിച്ച് അദാലത്ത് നടത്തി ഭൂരിഭാഗം അപേക്ഷകളും തീർപ്പാക്കിയതായും ഓഫ് ലൈൻ ആയി ലഭിച്ച അപേക്ഷകൾ നവംബർ മാസത്തോടെ പൂർണ്ണമായും തീർപ്പാക്കുമെന്നും ഓൺലൈൻ അപേക്ഷകൾ മാത്രമേ ഇനി സ്വീകരിക്കുകയുള്ളൂവെന്നും മന്ത്രി അറിയിച്ചു. യുണീക്ക് തണ്ടപ്പേർ സിസ്റ്റം നടപ്പാക്കുന്നതിലൂടെ പല തണ്ടപ്പേരുകളിലായി അധിക ഭൂമി കൈവശം വയ്ക്കുന്നത് കണ്ടെത്താനും സംസ്ഥാനത്ത് എവിടെ ഭൂമിയുണ്ടെങ്കിലും അതെല്ലാം ഒറ്റ തണ്ടപ്പേരിൽ രേഖപ്പെടുത്താനും കഴിയുമെന്നും റീസർവ്വേയുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി യോജിച്ച് ഗ്രാമസഭകളുടെ മാതൃകയിൽ സർവ്വേസഭകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും റവന്യൂ വകുപ്പിന്റെ പ്രവർത്തനം ജനകീയവത്ക്കരിക്കുന്നതിന് വില്ലേജുതല ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

11(*92) <u>കുളിമാട് പാലം തകർന്നതിന്മേലുള്ള നടപടി</u>

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, കുളിമാട് പാലം തകർന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശാസ്ത്രീയവും വിശദവുമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ടി വിഭാഗത്തിന്റെ ആവശ്യപ്രകാരം കോഴിക്കോട് എൻ.ഐ.ടി.-യിൽ നടത്തിയ ശാസ്ത്രീയപരിശോധനയിൽ ജാക്കിന്റെ പ്രവർത്തനത്തിലുണ്ടായ അപാകതയാണ് അപകടത്തിന് കാരണമെന്ന് കണ്ടെത്തിയതായും അപകടത്തിൽ മൂന്ന് ബീമുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും പ്രവൃത്തിക്കായി കരാർ കമ്പനി നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയവും നൈപുണ്യവും ഉണ്ടായിരുന്നതായും സഭയെ അറിയിച്ചു. ഗുണനിലവാര പരിശോധനാ റിപ്പോർട്ടിൽ പ്രവൃത്തിയുടെ ഗുണമേന്മ തൃപ്തികരമാണെന്ന് കാണിക്കുന്നുണ്ടെന്നും വീഴ്ചവരുത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരോട് വിശദീകരണം തേടുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. നിർമ്മാണ പദ്ധതികളുടെ പരിപാലന

കാലാവധി പരസ്യപ്പെടുത്തുന്ന ബോർഡ് നിയോജകമണ്ഡലങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പോരായ്മകൾ വരുത്തുന്ന കരാറുകാർക്കെതിരെ പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരം നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12(*93) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സ്ത്രീ സുരക്ഷ

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിനോദസഞ്ചാരികളായ സ്ത്രീകൾക്കെതിരെ കൂട്ടബലാത്സംഗം പോലുള്ള അതിക്രമങ്ങൾ കേരളത്തിൽ താരതമ്യേന കുറവാണെന്നും ഈ സർക്കാരിന്റെ കാലത്ത് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നും സ്ത്രീസൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ബ്രെയിൻസ്റ്റോമിങ് വർക്ക്ഷോപ്പ് നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും സ്ത്രീകൾ ഒറ്റയ്ക്കും കൂട്ടമായും യാത്ര ചെയ്യുന്ന രീതി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണ പരിപാടികളും പ്രത്യേക ബൈക്ക് യാത്രകളും സംഘടിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിലുള്ള പോലീസ് സ്റ്റേഷനുകൾക്ക് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതുൾപ്പെടെ പ്രത്യേക നിരീക്ഷണത്തിന്

നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ടൂറിസം പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുകയും ബീച്ചുകളിലും മറ്റു ചില മേഖലകളിലും പ്രത്യേക പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കുകയും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ സുരക്ഷിതത്വത്തിനുവേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ആരംഭിക്കുകയും ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ, പരിപാലനം എന്നിവയ്ക്കായി യുവജനങ്ങളെ സജ്ജരാക്കുന്നതോടൊപ്പം വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കലാലയങ്ങളിൽ ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുമെന്നും മയക്കുമരുന്നിന്റെ ഉപയോഗവും മറ്റ് അരാജകത്വ പ്രവണതകളും ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ബാംഗ്ലൂരിലെ വിവിധ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി വയനാട് ടൂറിസം സംബന്ധിച്ച പരസ്യങ്ങൾ നൽകിയതിന്റെ ഫലമായി വയനാട്ടിലേയ്ക്കുള്ള ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതായും തങ്ങളുടെ പ്രദേശത്തെ ടൂറിസത്തെ വികസിപ്പിക്കുവാനുള്ള ബ്രാൻഡ് അംബാസിഡർമാരായി ഓരോ പൗരനെയും മാറ്റിത്തീർക്കുവാനുള്ള ജനകീയ ടൂറിസമാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.